ശ്രീ. കെ. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിൽ ഹോസ്റ്റൽ പണിയുന്നതിനും ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യാൻ അടിയന്തിര നടപടിയെടുക്കണമെന്നു ഗവണ്മെൻറിൽനിന്നും നിർദ്ദേശം നൽകിയിട്ടും അതിന്മേൽ ആവശ്യമായ നടപടിയെടുക്കാത്തതിനാൽ, അക്വയർ ചെയ്യാൻ തീരുമാനം എടുത്ത സ്ഥലത്തു പുതിയ കെട്ടിടം ഉണ്ടാക്കാൻ ആരംഭിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: അങ്ങനെയല്ല ഉണ്ടായതു്. ഹോസ്റ്റൽ നിർമ്മിക്കാൻ കളക്ടർ ചൂണ്ടിക്കാണിച്ചിരുന്ന സ്ഥലം എടുക്കുന്നതിനെ സംബന്ധിച്ചു് പരാതികളുണ്ടായതിനാൽ, അതു് ഒരു തീരുമാനത്തിലാകുന്നതുവരെ ഗവണ്മെൻറ് കാത്തിരുന്നതാണു്.

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ അക്വയർ ചെയ്യാൻ തീരുമാനിച്ചിരുന്ന സ്ഥലത്തു വേറെ കെട്ടിടം ഉണ്ടാക്കുകയാണെങ്കിൽ, ആ കെട്ടിടത്തോടുകൂടി അതു് അക്വയർ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: അതു ശരിയായിരിക്കുകയില്ല; ഹോസ്റ്റൽ പണിയാൻ വേറെ സ്ഥലം കണ്ടുപിടിച്ചു പണി നടത്താൻ വേണ്ട നടപടിയെടുക്കാം.

ശ്രീ. കെ. ഇച്ചരൻ: പാലക്കാട്ടു് ഹോസ്റ്റൽ വേണ്ടെന്നു തീരുമാനിക്കാൻ കാരണമെന്താണു്?

ശ്രീ. പി. കെ. ചാത്തൻ: പ്ലാൻ അനുസരിച്ചു മുന്നു ഹോസ്റ്റൽ പണിയുന്നതിനാണു് വിഹിതം കിട്ടിയിട്ടുള്ളതു്. ഏതെങ്കിലും സ്ഥലത്തു ഹോസ്റ്റൽ വേണ്ടെന്നു വച്ചിട്ടില്ല.

ശ്രീ. തായ്ക്കര കെ. കുട്ടപ്പൻ: എറണാകുളത്തെ ഹോസ്റ്റൽപണി എന്നത്തേയ്ക്കു പൂർത്തിയാകും?

ശ്രീ. പി. കെ. ചാത്തൻ: കാളേജുകൾ ഉറക്കുന്നതോടുകൂടി അവസാന വേല തീരുമെന്നാണു് എൻജിനീയർ പറഞ്ഞിരിക്കുന്നതു്.

Grant to Harijan Institution.

* 1795. [3] ശ്രീ. എൻ. കണപതി: கீழ் காணும் விஞ்சுக்குக்கு ஸ்தல ஸ்தாபன மந்திரி அவர்கள் விடை பகர்வார்களாக:

(எ) 1-1-1959 முதல் மே மாதம் முடிய எதாவது ஹரிஜன் ஸ்தாபனங்களுக்கு கொண்ட் அனுமதிக்கப்பட்டதா;

(பி) அனுமதிக்கப்பட்டிருந்தால் எத்தனை ஸ்தாபனங்களுக்கு?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഉണ്ടു്.
(ബി) 10.

ആലപ്പുഴ ഡിസ്പെൻസറി ആശുപത്രി.

* 1796. [4] ശ്രീ. തോമസു് ജാൺ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് എത്ര ഡിസ്പെൻസറികളുണ്ടു്;

(ബി) ആലപ്പുഴ ഡിസ്പെൻസറി ഇന്നു സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും മാറ്റുന്നതിനു ഗവണ്മെൻറ് നടപടി കൈക്കൊണ്ടിട്ടുണ്ടോ?

(സി) ഡിസ്പെൻസറി ആശുപത്രികൾ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ സ്ഥലസൗകര്യമില്ലാതെ രോഗികൾ കഷ്ടപ്പെടുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ഡാ: ഏ. ആർ. മേനോൻ) :

(എ) ഒൻപതു്; ഇവകൂടാതെ, തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചു കൂടുതൽ സൗകര്യം ഉണ്ടാക്കികൊടുത്തിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

ശ്രീ. തോമസു ജാൺ: ഇപ്പോൾ ആലപ്പുഴ ഡിസ്പ്രിക്റ്റു ആശുപത്രി മാറാൻ ഉദ്ദേശിക്കുന്ന സ്ഥലം, ഒരു കമ്മ്യൂണിസ്റ്റു പ്രവർത്തകന്റേതാണെന്നും അയാളെ സഹായിക്കാനായിട്ടാണു് അങ്ങനെ ചെയ്യുന്നതെന്നും അറിയാമോ?

ഡാക്ടർ ഏ. ആർ. മേനോൻ : ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നു് അന്വേഷിച്ചിട്ടില്ല; നല്ല സ്ഥലമാണു്, സൗകര്യമുണ്ടു് എന്നുകണ്ടു. അതു കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തകന്റേതാണോ എന്നറിഞ്ഞുകൂടാ.

ശ്രീ. തോമസു് ജാൺ: അവിടത്തെ എക്സ്റേ പ്ലാന്റും മിക്കവാറും ദിവസങ്ങളിൽ പ്രവർത്തിക്കാതിരിക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിനു് അറിയാമോ?

ഡാക്ടർ ഏ. ആർ. മേനോൻ : എക്സ്റേ നടത്താൻ ആവശ്യത്തിനു് ആളുകൾ ഇല്ലെന്നുള്ള വിവരം അറിയാം. എക്സ്റേ മിഷ്യൻ ഉണ്ടായിരുന്നാലും അതു വേണ്ടതുപോലെ നടത്തുന്നതിനു പരിചയമുള്ള ആളുകൾ നമുക്കില്ലെന്നുള്ള കാര്യം മനസിലാക്കണം.

ശ്രീ. തോമസു് ജാൺ: അവിടെ ശസ്ത്രക്രിയകൾ നടത്താൻ ആവശ്യമുള്ള ഉപകരണങ്ങൾ ഇല്ലെന്നുള്ള വിവരം അറിയാമോ?

ഡാക്ടർ ഏ. ആർ. മേനോൻ : അവിടെ എഫു. ആർ. സി. എസ്സു്. പാസ്സായ ഒന്നാംതരം ഡാക്ടരുണ്ടു്; ശസ്ത്രക്രിയ നടത്താനുള്ള എല്ലാ ഉപകരണങ്ങളുമുണ്ടു്. ഈ വിവരം നല്ലപോലെ എനിക്കറിയാം.

ശ്രീ. തോമസു് ജാൺ: ആലപ്പുഴ ഡിസ്പ്രിക്റ്റു ആശുപത്രിയുടെ കാര്യത്തിൽ ഈ ഗവണ്മെന്റു തീരെ താൽപര്യം കാണിക്കുന്നില്ലെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ : ആലപ്പുഴയും, കോട്ടയവുമായി എനിക്കു വ്യത്യാസമൊന്നുമില്ല. എല്ലാ ആശുപത്രികൾക്കും വേണ്ടതു സൗകര്യം ഉണ്ടാക്കണമെന്നു എനിക്കാഗ്രഹമുള്ളു. കോട്ടയം ആശുപത്രി നന്നാക്കണമെന്നോ, ആലപ്പുഴ ആശുപത്രി മോശമാക്കണമെന്നോ ഉദ്ദേശമില്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ആണ്ടുതോറും നമ്മുടെ മെഡിക്കൽ കോളേജിൽനിന്നും അൻപതോളം ഡാക്ടർമാർ പരിശീലനംകഴിഞ്ഞു് വരുന്നില്ലേ? അവരെക്കൊണ്ടു് നമ്മുടെ ആവശ്യം ഒരുമാതിരി നിവൃത്തിക്കപ്പെടുകയില്ലേ?

ഡാക്ടർ ഏ. ആർ. മേനോൻ : പല ഡിപ്പാർട്ടുമെന്റാണുള്ളതു്; ഓരോന്നിലും പ്രത്യേകം പരിശീലനം നൽകണം. അങ്ങനെ പ്രത്യേകം പഠിപ്പിക്കാനുള്ള ശ്രമം നടത്തുന്നുണ്ടു്. കഴിയുന്നതും വേഗം ഒൻപതു ഡിസ്പ്രിക്റ്റു ആശുപത്രികളിലും എക്സ്റേ സ്ഥാപിക്കാനുള്ള ശ്രമം നടത്തുന്നതാണു്.

ശ്രീ. തോമസു് ജാൺ : രോഗികൾക്കു് ആവശ്യമുള്ളിടത്തോളം സ്ഥലസൗകര്യമില്ലെന്നു ഗവണ്മെന്റു സമ്മതിക്കുന്നുണ്ടു്. അതിനു് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ : എന്താണു വേണ്ടതെന്നു കൗൺസിൽ അഭിപ്രായപ്പെടണം. ഈ കാര്യം മുൻപുതന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണു്. നൂറു ബെഡ്ഡുണ്ടെങ്കിൽ, ഇരുന്നൂറും, മുന്നൂറും രോഗികൾവരും. അങ്ങനെ അധികം ആളുകൾ വന്നാൽ എന്താണു വേണ്ടതെന്നു കൗൺസിൽ ഒരു തീരുമാനിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെചെയ്താൽ അതനുസരിച്ചു പ്രവത്തിക്കാം. കൂടുതൽ രോഗികളും വന്നാൽ,, അവരെ പറഞ്ഞയയ്ക്കാനുള്ള മനസ്ഥിതി ഞങ്ങൾക്കില്ല. സ്ഥലം ഇല്ലെങ്കിലും, പതിനായിരം ആളുകളെ കിടത്തി ചികിത്സിക്കാൻ മാത്രം സൗകര്യമുള്ളിടത്തു് ഇരുപത്തിനാലായിരം ആളുകളെ കിടത്തി ചികിത്സിച്ചിട്ടുണ്ടു്. എന്താണു് ഇതിനു ചെയ്യേണ്ടതെന്നു കൗൺസിൽതന്നെ തീരുമാനിച്ചാൽ മതി.

ശ്രീ. തോമസു് ജാൺ: കൗൺസിൽ എന്തു നടപടി സ്വീകരിക്കാനാണു്?

ഡാക്ടർ ഏ. ആർ. മേനോൻ: ശരിയായിട്ടുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊണ്ടു് ഒരു റസല്യൂഷൻ കൊണ്ടുവന്നു പാസ്സാക്കാമല്ലോ.

കൃഷി നശിപ്പിക്കുന്ന കുരങ്ങുകൾ.

* 1797. [5] ശ്രീ. പി. ഗോപാലൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയേറെ സ്ഥലത്തെ കൃഷിനശിപ്പിക്കുന്ന കുരങ്ങുകളെ എങ്ങനെയെങ്കിലും പിടിച്ചുമാറ്റി തങ്ങളെ രക്ഷിക്കണമെന്നു് വല്ല അപേക്ഷയും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കുരങ്ങുശല്യം തീർക്കുന്നതിനു ഗവണ്മെൻറു് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആവശ്യത്തിനു് എന്തെങ്കിലും സഹായധനം അനുവദിച്ചിട്ടുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ടു്; തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം പഞ്ചായത്തിൽനിന്നും, ചിറയിൻകീഴു് താലൂക്കിൽ മുദാക്കൽ പഞ്ചായത്തിൽനിന്നും കുരങ്ങുകളെപിടിച്ചു മാറ്റുന്നതിനെപ്പറ്റി കൃഷിക്കാരുടെയും, നാട്ടുകാരുടെയും ഓരോ മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടു്.

(ബി, സി) പ്രസ്തുത ഓരോ പഞ്ചായത്തിൽനിന്നും കുരങ്ങുകളെ ദൂരസ്ഥലങ്ങളിൽ കയറ്റി അയയ്ക്കുന്നതിനു് പ്രത്യേകം ടെൻഡർവിളിച്ചു കൺട്രാക്റ്റു കൊടുത്തിട്ടുണ്ടു്. അതിനുവേണ്ടി ഓരോ പഞ്ചായത്തിനും മൂവായിരം രൂപവീതം കൊടുത്തിട്ടുണ്ടു്. ഇതനുസരിച്ചു് തിരുവല്ലത്തുനിന്നും കുറെ കുരങ്ങുകളെ പിടിച്ചുകൊണ്ടുപോയിട്ടുമുണ്ടു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: എവിടെയാണു് പിടിച്ചുകൊണ്ടുപോകുന്നതു്?

ശ്രീമതി കെ. ആർ. ഗൗരി: Reserve forest-ൽ കൊണ്ടുവിടും.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: അതു തിരിയെ വരികയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: വരാതിരിക്കത്തക്കവിധം ദൂരത്തുള്ള വനങ്ങളിൽ കൊണ്ടുപോയി വിടും. ഹിന്ദുമതാചാരപ്രകാരം കുരങ്ങുകളെ വെടിവെച്ചു കൊല്ലുന്നതു പാപമാണെന്നു വിശ്വസിക്കുന്ന ജനവിഭാഗം ഉള്ളതുകൊണ്ടാണു് ഈ നടപടി സ്വീകരിച്ചിരിക്കുന്നതു്.

ശ്രീ. എം നാരായണക്കുറുപ്പു്: കുരങ്ങുകൾക്കു പ്രത്യേകം ഒരു കാളണിയുണ്ടാക്കി അവയെ അവിടെ പാർപ്പിക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly